# Sweeping up the House

*അടിച്ചുവാരുന്ന ഭവനം) ലൂക്കോ:15:8*



അക്രൈസ്തുവരുടെ ഇടയിൽ സുവിശേഷവേല ചെയ്യുന്ന വിദേശമിഷിനറിമാർ ഒരു നാട്ടിലെ വാടകവീട്ടിൽ താമസിച്ചിരുന്നു. ദൈവീകസ്തുതി ഉയരുന്ന ആ വീടിന്റെ സമീപത്തെ കടയിൽ നിന്ന് അവർ ഭക്ഷണസാധനങ്ങൾ കടം വാങ്ങിയിരുന്നു. ഇതു കണ്ട ഒരുനാട്ടുകാരൻ ഇവർക്ക് കടം നൽകരുതെന്ന് കടക്കാരെന വിലക്കി, 'പണത്തിനുവേണ്ടി സ്വഭാവം വിൽക്കുന്നവരല്ല ദൈവമക്കൾ', അതിനാൽ കടം കൊടുക്കുമെന്ന് കടയുടമ മറുപടി പറഞ്ഞു. എത്ര നല്ല സാക്ഷ്യം ! ഇപ്രകാരം കടക്കാരൻ നല്ലസാക്ഷ്യം പറയുവാൻ ഇടയായതു മിഷനറിമാരും അവരുടെ പാർപ്പിടവും മലിനത അടിച്ചുവാരി ദൈവസ്നേഹം നിറച്ചതിനാലാണ് നല്ലസാക്ഷ്യമുള്ളവരോടുള്ള സഹവർത്തിത്വം അവരോടടുക്കുന്നവരെയും നല്ലതാക്കുന്നു. ആനാട്ടുകാരൻ അവനിൽ നഷ്ടപ്പെട്ട നന്മയെപ്പറ്റി അറിഞ്ഞിരുന്നില്ല. ഇന്ന് നഷ്ടത്തെപ്പറ്റി അറിയുന്നില്ല എന്ന് മാത്രമല്ല അറിഞ്ഞാലും അതിനു വേണ്ടി ബുദ്ധിമുട്ടുവാൻ ആർക്കും താലപര്യമില്ല. ശരിയല്ലേ? എത്ര ഭവനങ്ങൾ ദൈവത്തിന് സഭയായി നഷ്ടപ്പെടുത്തി

Luke:(15:8)ൽ തന്റെ നഷ്ടം എവിടെ എന്ന് കൃത്യമായി ആ സഹോദരി അറിഞ്ഞിരുന്നു. അതിനാലാണ് അവർ ഭവനം അടിച്ചുവാരിയത്. ഇത് പാലസ്റ്റീനിലെ ഒരു കർഷകഭവനമാണ്. ഈ ഭവനങ്ങൾക്ക് 8 ഇഞ്ച് വലിപ്പമുള്ള ഒരു ദ്വാരം മാത്രമേ വെളിച്ചം നൽക്കുവാനുള്ളു, മണ്ണിട്ട് തല്ലി ഉറപ്പിച്ച തറയുടെ മുകളിൽ ഉണങ്ങിയ ഈറയും, കോറപ്പുല്ലും നിരത്തുന്നു. ഇവിടെ ഒരു നാണയം (ദ്രഹ്മ) നഷ്ടപ്പെട്ടാൽ കണ്ടെത്തുക പ്രയാസമാണ്. എന്നാൽ ഈ സഹോദരി തന്നെ നമ്മെ പഠിപ്പിക്കുന്നു. മൂന്ന് കാര്യങ്ങളാണ് ചെയ്യേണ്ടത്, (1) വിളക്ക് കത്തിക്കണം (2) വീട് അടിച്ചു വാരണം (3) കണ്ടുകിട്ടും വരെ സൂക്ഷ്മത്തോടെ അന്വേഷിക്കണം വിളക്ക് കത്തുവാനുള്ള എണ്ണ കരുതേണ്ടത് ആവശ്യമാണ്, എണ്ണയുള്ള. വിളക്ക് കത്തുമ്പോഴാണ് പ്രകാശം (വെളിച്ചം) ഉണ്ടാക്കുന്നത്.

***വിളക്ക് - നാം ഓരോരുത്തരും***
***എണ്ണ - പരിശുദ്ധാത്മാവ്***
***വെളിച്ചം-ക്രിസ്തു.***

വിളക്കിൽ എണ്ണ ഒഴിച്ച് കത്തിച്ച് പ്രകാശം പുറപ്പെട്ടാലും ഭവനത്തിലും സഭയിലും അതിനെ തടയുന്ന ഘടകങ്ങളുണ്ടെന്ന് മറക്കരുത്, ഈ ഘടകങ്ങളെ അടിച്ചുവാരിക്കളഞ്ഞാൽ മാത്രമേ വിളക്ക് പ്രകാശിക്കുന്നതു കൊണ്ട് ശരിയായ പ്രയോജനം ഉണ്ടാകുന്നുള്ളു, Read - യിരെ: (7:30)യെഹ: (8:6-18) ഈ മലിനത എപ്രകാരം അടിച്ചുവാരിക്കളയുവാൻ കഴിയുമെന്ന് 2 ദിന : (29:5,15,16)
വാക്യങ്ങളിൽ നിന്നും മനസ്സിലാക്കാം,

ദൈവം സ്വയം അടിച്ചുവാരുന്ന ചില ഭവനങ്ങളുണ്ട്, അതാണ് മാർത്തയുടെയും മറിയയുടെയും ഭവനം. സഹോദരിമാർ ഭവനത്തിൽ യേശുവിനെ കൈക്കൊണ്ടാൽ സഹോദരൻ രക്ഷപെടുന്നില്ല.. യേശു ഒന്നും നഷ്ടപ്പെടുത്തുവാൻ ഇഷ്ടപ്പെടുന്നില്ല, നഷ്ടപ്പെട്ട ലാസറിനെ വീണ്ടെടുക്കുവാൻ ഒരു നാറ്റം വച്ച അവസ്ഥ അവന് ആവശ്യമായിരുന്നു. യേശു അടിച്ചവാരുമ്പോൾ ഭവനത്തിലുള്ളവർക്ക് വേദനിയ്ക്കും. പക്ഷേ അവനോടൊപ്പം പന്തിയിലിരിപ്പാൻ ഈ അടിച്ചുവാരൽ ആവശ്യമാണ്, നഷ്ടപ്പെട്ടതിനെ കണ്ടെടുക്കുമ്പോൾ യേശുവും കണ്ണനീർവാർക്കും. എന്നാലും ദൈവനാമം മഹത്വപ്പെടും, യോഹ: (11,12.2)

മറ്റൊരു കുടുംബം അടിച്ചുവാരിയപ്പോൾ വിട്ട് പുറപ്പെടുവാൻ അബ്രാമിനോട് പറഞ്ഞു (ഉല്പ:12:1) വിളി ലഭിക്കാതെ ഇറങ്ങിയ ലോത്തിന്റെ നഷ്ടം അതീഭീകരമായിരുന്നു. സകലും വിട്ട് പുറപ്പെട്ട് ഞാൻ പറയുന്നതു ചെയ്യുക എന്ന് ദൈവം പറഞ്ഞാൽ അതു മാത്രമേ ചെയ്യാവു.

അടുത്ത അടിച്ചുവാരലിന് യഹോവ ഉപയോഗിച്ചത് പ്രകൃതിയെ ആയിരുന്നു ( കാറ്റും , മഴയും ) അടിസ്ഥാനം എവിടെ വേണമെന്ന് നാം തന്നെയാണ് തീരുമാനിക്കേണ്ടത് Read മത്താ (7:24-27) സഹോദരങ്ങളെ സ്വർഗ്ഗീയതാലന്തുകൾ നഷ്ടമാക്കാത്ത ക്രിസ്തുവിലടിസ്ഥാമുള്ള നല്ല ഭവനങ്ങളാകുവാൻ അടിച്ചുവാരി സൂക്ഷിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ .

*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg